**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869** **09-10-2024 - ൽ മറുപടിയ്ക്ക്**

**അയ്യൻകാളി കൾച്ചറൽ ട്രസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം സബ് രജിസ്ട്രാർ ഓഫീസിൽ IV/40/13 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അയ്യൻകാളി കൾച്ചറൽ ട്രസ്റ്റിന് പത്തനാപുരം കുര്യോട്ട് മലയിൽ 6 ഏക്കർ ഭൂമി സർക്കാർ സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കേരള പുലയർ മഹാ സഭയ്ക്ക് (കെ.പി.എം.എസ്സ്) അനുവദിച്ച ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി കിൻഫ്രയുടെ കൈവശമുണ്ടായിരുന്ന വ്യവസായ വകുപ്പിന്റെ പത്തനാപുരത്തെ പിറവന്തൂരിലെ ഭൂമിയിൽ നിന്നും 6 ഏക്കർ ഭൂമി സർക്കാർ സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2014 – 15 അദ്ധ്യന വർഷം മുതൽ പ്രവർത്തനാനുമതി ലഭ്യമായ ടി കോളേജ് ചുവടെ ചേർത്തിട്ടുള്ള കോഴ്സുകൾ സഹിതം അദ്ധ്യനം തുടർന്ന് വരുന്നു.<br><br>i. B.A English with Journalism and Intellectual History of Modern world.<br><br>ii. B.A Economics with Mathematical Economics and Mathematics for Economic Analysis<br><br>iii. B.Com with Co-operation.<br><br>iv. B.Sc Mathematics with Physics and Statistics.<br><br>v. B.Com Accounts and Data Science |
| (ബി) | ഈ ഭൂമിയിൽ നിലവിൽ ട്രസ്റ്റിന്റെ ഭാഗമായി എയ്ഡഡ് കോളേജ് പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കേരള പുലയർ മഹാ സഭയ്ക്ക് (കെ.പി.എം.എസ്സ്) അനുവദിച്ച ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി കിൻഫ്രയുടെ കൈവശമുണ്ടായിരുന്ന വ്യവസായ വകുപ്പിന്റെ പത്തനാപുരത്തെ പിറവന്തൂരിലെ ഭൂമിയിൽ നിന്നും 6 ഏക്കർ ഭൂമി സർക്കാർ സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2014 – 15 അദ്ധ്യന വർഷം മുതൽ പ്രവർത്തനാനുമതി ലഭ്യമായ ടി |

| | | | |
|---|---|---|---|
| | | | കോളേജ് ചുവടെ ചേർത്തിട്ടുള്ള കോഴ്സുകൾ സഹിതം അദ്ധ്യനം തുടർന്ന് വരുന്നു.<br>i. B.A English with Journalism and Intellectual History of Modern world.<br>ii. B.A Economics with Mathematical Economics and Mathematics for Economic Analysis<br>iii. B.Com with Co-operation.<br>iv. B.Sc Mathematics with Physics and Statistics.<br>v. B.Com Accounts and Data Science |
| (സി) | പ്രസ്തുത ട്രസ്റ്റിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ സർക്കാർ തലത്തിൽ ഏതെങ്കിലും വകുപ്പ് മുമ്പാകെ സമർപ്പിക്കുകയോ പരിശോധനക്ക് വിധേയമാക്കുകയോ ചെയ്യുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇത്തരത്തിലുള്ള ട്രസ്റ്റുകളുടെയും ചാരിറ്റബിൽ സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിൽ മേൽനോട്ടം നിർവ്വഹിക്കുന്നതിനാവശ്യമായ സംവിധാനം നിലവിലുണ്ടോ; ഇല്ലായെങ്കിൽ അത്തരം സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | ട്രസ്റ്റുകളുടെയും ചാരിറ്റബിൽ സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നിർവ്വഹിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ